LIBRARY ARCHIVES Kerala Legislative Assembly

മറ്റൂർ, പുളിയനം കോളനികളിലെ വികസന പ്രവർത്തനങ്ങൾ

305(2774) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മറ്റൂർ, പുളിയനം ഹരിജൻ കോളനികളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മറ്റൂർ കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടി നിയോജക മണ്ഡലത്തിലെ പുളിയനം ഐ.എച്ച്.ഡി.പി. കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിനായി കണ്ടെത്തിയ സ്ഥലം ഖാദി ബോർഡിന്റേതായതിനാൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ടി സ്ഥലം വിട്ടുകിട്ടേണ്ടതുണ്ട്. ആയതിന് ഗ്രാമപഞ്ചായത്ത് തലത്തിലും വകുപ്പ് തലത്തിലും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ടി നിയോജക മണ്ഡലത്തിലെ രണ്ട് കോളനികളിലെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്കും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പൗൾട്രി വികസന കോർപ്പറേഷൻ - സ്വയം തൊഴിൽ സംരംഭം

306(2775) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് സ്വയംതൊഴിൽ സംരംഭത്തിന് പൗൾട്രി വികസന കോർപ്പറേഷനും വകുപ്പും തമ്മിൽ ആദ്യം കരാർ ഒപ്പിട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷന് ഇതുവരെ എത്ര രൂപ കൈമാറി;

(സി) കരാർ ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് സ്വയംതൊഴിൽ സംരംഭത്തിന് പൗൾട്രി വികസന കോർപ്പറേഷനും വകുപ്പും തമ്മിൽ ആദ്യം കരാർ ഒപ്പിട്ടത് 21-11-2011-ലാണ്.

(ബി) പൗൾട്രി വികസന കോർപ്പറേഷന് ഇതുവരെ 3,27,41,000 (മൂന്ന് കോടി ഇരുപത്തി ഏഴ് ലക്ഷത്തി നാൽപ്പത്തി ഒന്നായിരം രൂപ മാത്രം) രൂപ കൈമാറി.

(സി) കരാർ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കടിവെള്ള പദ്ധതി

307(2776) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന കടിവെള്ള പദ്ധതിക്കായി അനുവദിക്കുന്ന തുക കേരള വാട്ടർ അതോറിറ്റി വിനിയോഗിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള ഏതെല്ലാം കടിവെള്ള പദ്ധതികളാണ് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly